## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.208      14.06.2019-ൽ മറുപടിയ്ക്ക്

### ഇതര സംസ്ഥാന ലോട്ടറികളെ തടയാൻ നടപടി

| ചോദ്യം<br>ശ്രീ.ജി.എസ്.ജയലാൽ<br>,, മുല്ലക്കര രത്നാകരൻ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.കെ. രാജൻ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ഏകീകൃത ജി.എസ്.ടി. എന്ന ആവശ്യമുയർത്തി സംസ്ഥാന ഭാഗ്യക്കുറിയെ പ്രതിസന്ധിയിലാക്കാൻ ഇതര സംസ്ഥാന ലോട്ടറി മാഫിയ നടത്തുന്ന നീക്കങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. ഇതിനെതിരെ കർശനമായ നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്. State owned ലോട്ടറികൾക്ക് 12% ഉം State authorized ലോട്ടറികൾക്ക് 28% ഉം എന്ന differential rate നിലനിർത്തണമെന്ന സംസ്ഥാന സർക്കാർ നിലപാട് 11.06.2019 ൽ ചേർന്ന GoM യോഗത്തിൽ ശക്തമായി തന്നെ അവതരിപ്പിച്ചിട്ടുണ്ട്. |
| (ബി) | ഇതര സംസ്ഥാന ലോട്ടറികളെ പ്രോത്സാഹിപ്പിക്കുന്ന എന്തൊക്കെ ആവശ്യങ്ങളാണ് ജി.എസ്.ടി. കൗൺസിൽ മുമ്പാകെ ഉയർന്നുവന്നതെന്ന് അറിയിക്കുമോ; | (ബി) | അന്യസംസ്ഥാന ലോട്ടറികൾക്ക് ഉയർന്ന നികുതി ഏർപ്പെടുത്തുന്നത് വടക്കുകിഴക്കൻ സംസ്ഥാനങ്ങൾക്ക് ലഭിക്കുന്ന റോയൽറ്റിയെ സാരമായി ബാധിക്കുമെന്ന് ജി.എസ്.ടി കൗൺസിലിൽ അഭിപ്രായം ഉയരുകയുണ്ടായി. സിക്കിം, അരുണാചൽ പ്രദേശ്, നാഗാലാൻഡ്, ആസ്സാം എന്നീ സംസ്ഥാനങ്ങൾക്ക് (ലോട്ടറി ഓർഗനൈസിംഗ് സ്റ്റേറ്റ്സ്) ലോട്ടറി ഇനത്തിൽ ലഭിക്കുന്ന റോയൽറ്റി കുറയുമെന്നതിനാൽ ലോട്ടറിയുടെ നികുതി 5% ആക്കുന്നതിനുവേണ്ടി വാദിക്കുക |

| | | | |
|---|---|---|---|
| | | | യുണ്ടായി. ഉയർന്ന നികുതിനിരക്ക് ലോട്ടറി വ്യവസായത്തിന്റെ വളർച്ചയെ ദോഷകരമായി ബാധിക്കുമെന്ന് ചില സംസ്ഥാനങ്ങൾ അഭിപ്രായപ്പെടുകയുണ്ടായി. ലോട്ടറിയിൽ നിന്നും ടൂറിസത്തിൽ നിന്നുമാണ് തങ്ങളുടെ നികുതി വരുമാനത്തിന്റെ ഭൂരിഭാഗവുമെന്നും നികുതി വർദ്ധനവ് വരുമാനത്തെ സാരമായി ബാധിക്കുമെന്നും സിക്കിം അഭിപ്രായപ്പെട്ടു. ലോട്ടറിയുടെ ഉയർന്ന നികുതിനിരക്ക് വൻതോതിലുള്ള നികുതിവെട്ടിപ്പിന് ഇടയാക്കുമെന്നാണ് തെലങ്കാന അഭിപ്രായപ്പെട്ടത്.<br>ലോട്ടറി വിഷയം നന്നായി പഠിച്ച് വിശകലനം ചെയ്ത് ഒരു തീരുമാനം ഉണ്ടാക്കുന്നതിനുവേണ്ടി 10/01/2019 ൽ കൂടിയ 32-ാം ജി.എസ്.ടി കൗൺസിലിൽ ലോട്ടറി കൈകാര്യം ചെയ്യുന്ന സംസ്ഥാനങ്ങളായ കേരളം, മഹാരാഷ്ട്ര, ഗോവ, ചില വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ എന്നിവയോടൊപ്പം ലോട്ടറി കൈകാര്യം ചെയ്യാത്ത മറ്റൊരു സംസ്ഥാനത്തെ കൂടി ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ, ഈ സമിതിയുടെ 11.06.2019 ന് ചേർന്ന യോഗത്തിൽ സംസ്ഥാന സർക്കാർ നിലപാട് ശക്തമായി അവതരിപ്പിക്കുകയും എഴുതി നൽകുകയും ചെയ്തു. തുടർന്ന് നമ്മുടെ അഭിപ്രായവും നിയമ വ്യവസ്ഥകൾ ചൂണ്ടിക്കാണിച്ച് കൊണ്ടുള്ള നിലപാടും GST കൗൺസിലിൽ കൊണ്ടുവരാൻ GoM തയ്യാറായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇക്കാര്യത്തിൽ ജി.എസ്.ടി. കൗൺസിലിൽ സംസ്ഥാന സർക്കാർ സ്വീകരിച്ച നിലപാട് എന്താണെന്നും ഏതൊക്കെ സംസ്ഥാനങ്ങൾ ഈ നില പാടിനെ അനുകൂലിച്ചുവെന്നും വെളിപ്പെടുത്തുമോ; | (സി) | 18/06/2017 ൽ നടന്ന 17-ാം ജി.എസ്.ടി കൗൺസിലിൽ സംസ്ഥാനം ലോട്ടറി വിഷയത്തിൽ ഇതുവരെ സ്വീകരിച്ചുവന്ന നിലപാടിൽ ഉറച്ചുനിന്നു. അന്യസംസ്ഥാന ലോട്ടറിയുടെ നികുതി 28% ആയി നിലനിർ ത്തണമെന്ന് സംസ്ഥാനം വാദിക്കുകയു ണ്ടായി. വടക്കുകിഴക്കൻ സംസ്ഥാനങ്ങൾക്ക് റോയൽറ്റി നഷ്ടപ്പെടുന്നതാണ് പ്രധാന വിഷയമായി ചില സംസ്ഥാനങ്ങൾ ഉന്നയിച്ചത്. നികുതിനിരക്ക് കുറയ്ക്കുന്നത് ലോട്ടറി മാഫിയയുടെ വളർച്ചയ്ക്ക് കാരണമാക മെന്ന് സംസ്ഥാനം ചൂണ്ടിക്കാട്ടി. ലോട്ടറി കേന്ദ്ര നിയമത്തിൻ കീഴിലാണെന്നും അതാത് സംസ്ഥാനങ്ങൾ പ്രത്യേക പ്രസ്സിൽ അച്ചടി ക്കുന്ന ടിക്കറ്റുകളുടെ വില്പനയിലൂടെ ലഭിക്കുന്ന തുക സംസ്ഥാനത്തിന്റെ കൺസോളി ഡേറ്റഡ് ഫണ്ടിലേക്ക് എത്തുമെന്നും അത് നാടിന്റെ വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുമെന്നും സംസ്ഥാനം അഭിപ്രായ പ്പെട്ടു.<br>പഞ്ചാബ്, ഛത്തീസ്ഗഡ്, ജാർഖണ്ഡ്, ജമ്മു & കാശ്മീർ, മധ്യപ്രദേശ്, ഡൽഹി, ഹിമാചൽപ്രദേശ്, തമിഴ് നാട്, സിക്കിം എന്നീ സംസ്ഥാനങ്ങൾ കേരളത്തിന്റെ ഈ നിലപാടിനെ പിൻതുണയ്ക്കുകയുണ്ടായി. |
| (ഡി) | സംസ്ഥാനത്തിന്റെ നിർണ്ണാ യക വരുമാന സ്രോതസ്സായി വർത്തിക്കുന്ന കേരള ലോട്ടറിയെ സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീക രിക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) | 2017-ൽ ജി.എസ്.ടിയുടെ മറപറ്റി സംസ്ഥാന ത്തിനുള്ളിൽ ലോട്ടറി വില്പന നടത്താൻ ശ്രമിച്ച ഇതര സംസ്ഥാന ലോട്ടറി ലോബിയെ നിയമ നടപടികളിലൂടെ അമർച്ച ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അനധികൃത എഴുത്തുലോട്ടറി, വ്യാജ ലോട്ടറി എന്നിവയുടെ വ്യാപനം തടയുന്നതിന് കർശന |

| | | | |
|---|---|---|---|
| | | | നടപടികൾ കൈക്കൊള്ളുകയും ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ 421 കേസുകൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്.<br>സംസ്ഥാന ഭാഗ്യക്കുറി മേഖലയിൽ ഏജന്റായി പ്രവർത്തിക്കുന്നവർ ഇതര സംസ്ഥാന ലോട്ടറി വില്പനക്കാരാകുന്ന നടപടി 28/07/2017 തീയതിയിലെ സ.ഉ.(എം.എസ്)നം.61/2017/നി.വ മുഖേന വിലക്കിയിട്ടുണ്ട്.<br>ലോട്ടറി മേഖലയിലെ അനഭിലഷണീയ പ്രവണതകൾ, പൊതുതാല്പര്യം മുൻനിർത്തി ഇല്ലായ്മ ചെയ്യുന്നതിലേയ്ക്ക് വേണ്ടി കേന്ദ്ര ലോട്ടറി റെഗുലേഷൻ ചട്ടം 12(1) പ്രകാരം, ലോട്ടറി നടത്തിപ്പുമായി ബന്ധപ്പെട്ട് എൻഫോഴ്സ്മെന്റ് അധികാരം ഉൾപ്പെടെ ഉൾക്കൊള്ളിച്ച് കേരള ലോട്ടറി റെഗുലേഷൻസ് റൂൾസിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.<br>28-ാമത് ജി.എസ്.ടി കൗൺസിലിന്റെ ശുപാർശ പ്രകാരം ലോട്ടറി നടത്തുന്ന സംസ്ഥാനങ്ങൾ അവലംബിക്കേണ്ട വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചും സംസ്ഥാനത്തിനുള്ളിലെ ലോട്ടറി ടിക്കറ്റ് വില്പന കണിശമായി നിരീക്ഷിക്കുന്നതിലേയ്ക്കും അനിവാര്യമായ വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തി 2019-ൽ ലോട്ടറി റെഗുലേഷൻ റൂൾ ഭേദഗതി ചെയ്യാൻ നടപടി എടുത്തിട്ടുണ്ട്.<br>സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഉൾപ്രദേശങ്ങളിൽ നിന്നും ടിക്കറ്റെടുക്കാൻ എത്തുന്ന സാധാരണക്കാരായ |

| | | | |
|---|---|---|---|
| | | | എജന്റുമാരുടെ സൗകര്യാർത്ഥം 18 ഭാഗ്യക്കുറി സബ് ഓഫീസുകൾ ആരംഭിക്കുകയും ടി ഓഫീസുകളിൽ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. വില്പനയ്ക്കായി പ്രിന്റ് ചെയ്ത് പുറത്തിറക്കുന്ന ടിക്കറ്റുകളിൽ കൂടുതൽ കാര്യക്ഷമമായ സെക്യൂരിറ്റി ഫീച്ചറുകൾ ഉൾക്കൊള്ളിച്ച് കേരള ഭാഗ്യക്കുറി ടിക്കറ്റുകളുടെ സുരക്ഷ വർദ്ധിപ്പിച്ചു.<br>ഭാഗ്യക്കുറി ടിക്കറ്റുകളുടെ ജനുവിനിറ്റി എജന്റുമാർക്കും പൊതു ജനങ്ങൾക്കും പരിശോധിക്കുന്നതിനായി Mobile App, ആധുനികമായ features ഉൾക്കൊള്ളിച്ച് പുതിയ software എന്നിവ NIC യുമായി ചേർന്ന് ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ